# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 790 — 20.03.2013 – ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ ആയുർവേദാശുപത്രിയിലെ തസ്തികകൾ നികത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ എത്ര ആയുർവ്വേദ ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്നും, പ്രസ്തുത ആശുപത്രികളിലെ ജീവനക്കാരുടെ അനുവദനീയ തസ്തിക ഏതൊക്കെയാണെന്നും പ്രത്യേകമായി അറിയിക്കുമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂരിൽ 30 ബെഡുള്ള ഒരു ആയുർവേദ ആശുപത്രി പ്രവർത്തിച്ച് വരുന്നു. പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:-<br>1) ചീഫ് മെഡിക്കൽ ഓഫീസർ -01<br>2) മെഡിക്കൽ ഓഫീസർ / സീനിയർ മെഡിക്കൽ ഓഫീസർ -02<br>3) ഫാർമസിസ്റ്റ് -01<br>4) ക്ലാർക്ക് -01<br>5) നേഴ്സ് -04<br>6) നേഴ്സിംഗ് അസിസ്റ്റന്റ് -04<br>7) ഫാർമസി അറ്റന്റർ -01<br>8) കുക്ക് -01<br>9) സാനിട്ടേഷൻ വർക്കർ -01<br>10) പാർട്ട് ടൈം സ്വീപ്പർ -01 |
| ബി) | പ്രസ്തുത ആശുപത്രികളിൽ ഏതൊക്കെ തസ്തികകളാണ് ജീവനക്കാരെ നിയമിക്കാതെ കിടക്കുന്നത്;ആശുപത്രിയും തസ്തികയും അറിയിക്കുമോ; | (ബി) & (സി) | സാനിട്ടേഷൻ വർക്കർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തത്ക്കാലം ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (സി | ഒഴിവായിക്കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ